ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

149 [769] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

സർക്കാർ തലത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എസ്. എസ്. എൽ. സി. പാസ്സായവർക്കെല്ലാം ഉപരിപഠനത്തിന് നടപടി

150 [770] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, സി. മോയീൻ കുട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുള്ള കുട്ടികളിൽ ഉപരിപഠനം ആഗ്രഹിക്കുന്നവർക്കെല്ലാം പ്രവേശനം നൽകുന്നതിന് നിലവിലുള്ള പ്ലസ് വൺ, വി.എച്ച്.എസ്.ഇ., പോളിടെക്നിക്, ഐ.ടി.ഐ. സീറ്റുകൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓരോ ജില്ലയിലും പാസ്സായ കുട്ടികളുടെ എണ്ണമനുസരിച്ച് ഉപരിപഠനത്തിന് സൗകര്യം ലഭിക്കാൻ വേണ്ടത്ര സീറ്റുകൾ അനുവദിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ;

(സി) എങ്കിൽ ഓരോ ജില്ലയിലും വർദ്ധിപ്പിക്കുന്ന സീറ്റുകൾ എത്രയാണ്;

(ഡി) അവ ഏതെല്ലാം വിഭാഗത്തിലാണ്;

(ഇ) ഇതിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെടുന്ന മലബാർ മേഖലയ്ക്ക് പ്രത്യേക പദവി നൽകി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly